N3/10965/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 11.09.2020

<u>പരിപത്രം</u>

വിഷയം:- കോ . വി . വ - പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട ജീവനക്കാർ വീഴ്ച്ചകൾ ഒഴിവാക്കുന്നതിനായി (ധനകാര്യ പെൻഷൻ ) ബി വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 4.5.2019 ലെ സ ഉ (അച്ചടി) നം 55/2019/ ധന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നത് സംബന്ധിച്

സൂചന :- 26 / 02 / 20 ലെ നം പി ഡബ്ല്യൂ സി എ 2 / 82/ 2017 / ധന കത്ത്

*********

മേൽ സൂചനയിൽ സർക്കാർ കത്ത് പ്രകാരം പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട ജീവനക്കാർ വീഴ്ച്ചകൾ ഒഴിവാക്കുന്നതിനായി (ധനകാര്യ പെൻഷൻ ) ബി വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 4.5.2019 ലെ സ ഉ (അച്ചടി) നം 55/2019/ ധന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

# Approval Valid

Digitally Approved By
SRI.JAYAKRISHANAN B S
Date: 11.09.2020
Reason: Approved

ഒപ്പ്/-
SRI.JAYAKRISHANAN B S
അക്കൗണ്ട്സ് ഓഫീസർ

പകർപ്പ്:-

എല്ലാ പ്രിൻസിപ്പൽമാർക്കും ( ഗവൺമെൻറ് കോളേജ്, എയ്ഡഡ് കോളേജ് )

2/3/20

**"ഭരണഭാഷ-മാതൃഭാഷ"**

F

കേരള സർക്കാർ

നം.പി.ഡബ്ള്യൂ.സി-എ 2/82/ 2017/ധന
Comp. No. 521162

ധനകാര്യ (പെൻഷൻ വെൽഫെയർ സെൽ-എ) വകുപ്പ്
തിരുവനന്തപുരം
തീയതി : 26.02.2020.

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

വികാസ് ഭവൻ, തിരുവനന്തപുരം.

സർ,

**വിഷയം**:- വിരമിക്കൽ ആനുകൂല്യങ്ങൾ - കോടതി ഉത്തരവ് നടപ്പാക്കുന്നത്- സംബന്ധിച്ച്

**സൂചന**:- കൊട്ടരക്കര സെയിന്റ് ഗ്രിഗോറിയോസ് കോളേജിലെ ഫുൾടൈം മാർക്കർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. സി.ലൂക്കോസ് 28/04/2017 ൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ-സംബന്ധിച്ച്.

സൂചനയിലേക്കു താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.ശ്രീ. ലൂക്കോസിന് അർഹമല്ലാതെ അനുവദിച്ച ആനുകൂല്യം പോലെയുള്ള സമാന കേസുകൾ ഒഴിവാക്കുന്നതിനായി WPC No 31339 of 2015 വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ, ധനകാര്യ പരിശോധന (നോൺ ടെക്നിക്കൽ) വിഭാഗത്തിന്റെ റിപ്പോർട്ടിലെ 4 ശുപാർശകളിലും, ധനകാര്യ (പെൻഷൻ -ബി) ബന്ധപ്പെട്ട 1, 2 ശിപാർശകളിന്മേൽ പ്രത്യേകിച്ചും തുടർനടപടി അടിയന്തരമായി സ്വീകരിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ശിപാർശകൾ**

1. കൊട്ടാരക്കര സെന്റ് ഗ്രിഗോറിയസ് കോളേജിൽ നിന്നും 'Full Time Marker' തസ്തികയിൽ വിരമിച്ച ശ്രീ . ലൂക്കോസിന്റെ റഗുലറല്ലാത്ത മുൻകാല പാർട്ട് ടൈം സേവനകാലം കൂടി പെൻഷന് കണക്കാക്കണമെന്ന കോടതി വിധിയുടെ വെളിച്ചത്തിൽ ടിയാനൊപ്പം 25.4.2008 ലെ GO(Ms) No.43/08/HEdn. നമ്പർ ഉത്തരവ് പ്രകാരം സ്ഥിര നിയമനം ലഭിച്ച മറ്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന സാഹചര്യങ്ങളിലും പെൻഷൻ സംബന്ധിച്ച സമാനമായ കോടതി കേസുകളിലും 27.3.2015 ലെ 36/2015/ ധന നം . പരിപത്രത്തിലെ നിർദ്ദേശങ്ങൾക്കു വിധേയമായി ധനകാര്യ

(മറുപുറം)

പെൻഷൻ ( ബി ) വകുപ്പിന്റെ റിമാർക്സ് ആരായുവാനും ആയതനുസരിച്ച് കോടതിയിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് / കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിനുള്ള നടപടി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ് .

2. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട ജീവനക്കാർ വീഴ്ചകൾ ഒഴിവാക്കുന്നതിനായി ധനകാര്യ ( പെൻഷൻ - ബി ) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 4.5.2019 ലെ സ . ഉ ( അച്ചടി ) നം .55/2019/ ധന ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ കോളേജുകളിൽ കൃത്യമായും പാലിക്കുന്നുണ്ടെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ് .

3. കോളേജുകളിൽ സ്പെഷ്യൽ ഫീ അക്കൗണ്ടിൽ അക്യുമലേറ്റ് ചെയ്തിട്ടുള്ള മുൻ വർഷങ്ങളിലെ നീക്കിയിരിപ്പ് തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ , ധനവകുപ്പിന്റെ അനുമതിയോടെ , ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കേണ്ടതാണ് .

4. ഇ - ഗ്രാന്റ്സ് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയിൽ കുട്ടികൾക്ക് റീ ഫണ്ട് ചെയ്തു കൊടുക്കുവാനുള്ള , തുക കൃത്യമായി കണക്കാക്കി കൊടുത്തു തീർക്കുവാനും ബാക്കി തുക അതാതു ഗവൺമെന്റ് ഹെഡിൽ തിരികെ ഒടുക്കുവാനും കോളേജുകൾക്ക് നിർദ്ദേശം നൽകികൊണ്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിക്കേണ്ടതാണ്

വിശ്വസ്തതയോടെ,

**രമ.പി**

**അണ്ടർ സെക്രട്ടറി**

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ